# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

## 21.05.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് ബഹു.ഗ്രാമവികസനവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു.നഗരകാര്യവകുപ്പുമന്ത്രിയും ബഹു.പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രിയും യോഗത്തിൽ സംബന്ധിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.05.2014–ലെ മുൻ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2014–15 വാർഷിക പദ്ധതി രൂപീകരണ പ്രക്രിയയിൽ കാര്യമായ പുരോഗതി ഇല്ലെന്ന് യോഗം നിരീക്ഷിച്ചു. 97 ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾക്ക് മാത്രമാണ് ഇതിനോടകം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. പദ്ധതി രൂപീകരണത്തിനുള്ള കാലതാമസം സി.പി.ഡബ്ല്യൂ.ഡി റേറ്റ് നടപ്പിലാക്കുന്നതുമായ പ്രശ്നങ്ങളാണെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി. സി.പി.ഡബ്ല്യൂ.ഡി റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് അവലംബിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തദ്ദേശഭരണ സ്ഥാപന പ്രതിനിധികളുടെ സംഘടനകളുമായി അടിയന്തിരമായി ചർച്ച ചെയ്ത് പരിഹരിക്കാൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. സി.പി.ജോണിനെയും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും യോഗം ചുമതലപ്പെടുത്തി. പ്രസ്തുത യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മാരെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

3 **പ്രത്യേക വിഷയങ്ങൾ**

**3.1 കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് F1654, മീൻചന്ത, കോഴിക്കോട് (ഫയൽ നം. 28198/ഡി.എ1/14/തസ്വഭവ)**

സ്ഥാപനത്തിന്റെ മുൻകാല പ്രവർത്തനം, ഔഷധ വിതരണം, ഔഷധിയുടെ വിലയുമായുള്ള വ്യത്യാസം, വാർഷിക ടേൺഓവർ തുടങ്ങിയ കാര്യങ്ങൾ കൂടി ഉൾക്കൊള്ളുന്ന റിപ്പോർട്ട് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയശേഷം ഔഷധ വിതരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കാമെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ചേപ്പാട് ഗ്രാമപഞ്ചായത്ത് ഫയൽ നം. 28231/ഡി.എ2/14/തസ്വഭവ)**

ചുറ്റുമുള്ള ഭൂമി ജില്ലാ പഞ്ചായത്ത് പ്രോജക്ട് പ്രകാരം മണ്ണിട്ടു നികത്തിയതു നിമിത്തം തങ്ങളുടെ ഭൂമിയിൽ വെള്ളക്കെട്ടുണ്ടാകുന്നു എന്ന ശ്രീമതി നാരായണിയുടെ പരാതിയിൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ റിപ്പോർട്ട്കൂടി ലഭ്യമാക്കിയശേഷം വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

തുളുഭാഷയും സംസ്ക്കാരവും പുനരുജ്ജീവിപ്പിക്കൽ എന്ന പ്രോജക്ട് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വിനിയോഗിച്ചു നടപ്പിലാക്കുന്നത് നടപടികൾ സുതാര്യമായിരിക്കണം എന്ന നിബന്ധനയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

മതസൗഹാർദ്ദ പ്രതീകങ്ങൾ കണ്ടെത്തലും സംരക്ഷിക്കലും എന്ന പ്രോജക്ട് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വിനിയോഗിച്ച് സുതാര്യമായി നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ക്ലീൻ കേരള കമ്പനി ലിമിറ്റഡ്**

നഗരസഭകൾക്ക് ആവശ്യമായ മാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടപടികൾ ഒഴിവാക്കി നിർവഹണം ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അംഗീകാരം നൽകി തീരുമാനിച്ചു. നഗരസഭകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും മാലിന്യ സംസ്ക്കരണ മേഖലയിൽ ചെലവഴിക്കാനായി നീക്കി വച്ചതും, എന്നാൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിയാതെ വന്നതുമായ തുക വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ പരമാവധി 40 ശതമാനംവരെ നിർവഹണത്തിന് അഡ്വാൻസായി ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ഷൊർണ്ണൂർ നഗരസഭ**

കേരള വാട്ടർ അതോറിട്ടിക്ക് കുടിവെള്ള കുടിശ്ശിക ഇനത്തിൽ 2013-14 ലെ എസ്.സി.പി. പ്ലാൻ ഫണ്ടിൽ നിന്ന് 10400000 രൂപ അടവാക്കിയ നടപടിക്ക് സാധൂകരണം നൽകണമെന്ന അഭ്യർത്ഥന അടുത്ത രണ്ട് വർഷം കൊണ്ട് പരിഹാര വകിയിരുത്തൽ നടത്തണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പന്തളം ബ്ലോക്ക് പഞ്ചായത്ത്**

പൂരക പോഷകാഹാര പദ്ധതികൾക്കായി മുൻകാലങ്ങളിൽ ചെലവഴിച്ച തുക റീഇംപേഴ്സ് ചെയ്തു കിട്ടിയ ഇനത്തിലുള്ള 15 ലക്ഷം രൂപ ഉപയോഗിച്ച് കുളനട ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ 11-ാം നമ്പർ അംഗൻവാടി പണിയുന്നതിനും 14-ാം നമ്പർ അംഗൻവാടി പുനരുദ്ധരിക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചേർപ്പ് ഗ്രാമപഞ്ചായത്ത്**

സമഗ്ര കോളനി വികസന പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നു ലഭ്യമാക്കിയ തുകയിൽ നിന്ന് 700275 രൂപ മിത്രാനന്ദപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വകുപ്പ് മാറിയ നടപടി ജില്ലാ പഞ്ചായത്തുമായി ചർച്ച ചെയ്ത് നടപടിയെടുക്കാൻ നിർദ്ദേശിച്ചു. സമഗ്ര കോളനി വികസന പദ്ധതിക്ക് 530219 രൂപ തനത് ഫണ്ടിൽ നിന്നു നൽകുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 നന്മണ്ട ഗ്രാമപഞ്ചായത്ത് (ഫയൽനം.14908/ഡി.സി.2/14/തസ്വഭവ)**

പാലിയേറ്റീവ് പരിചരണത്തിന് നിയോഗിക്കപ്പെടുന്ന നഴ്സുമാർക്ക് ആറു മാസത്തിൽ കൂടുതൽ കാലയളവിൽ ഹോണറേറിയം നൽകരുതെന്ന സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥ ഭേദഗതി ചെയ്യാനും വർഷം മുഴുവൻ ഹോണറേറിയം നൽകാനും തീരുമാനിച്ചു. മതിയായ കാരണങ്ങൾ കൂടാതെ നിലവിലുള്ള പാലിയേറ്റീവ് കെയർ നഴ്സുമാരെ പിരിച്ചുവിടരുതെന്ന് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പള്ളം ഗ്രാമപഞ്ചായത്ത്**

2011-12 സാമ്പത്തിക വർഷത്തിൽ ഡി.പി.സി.യുടെ അംഗീകാരത്തോടെ ഗവൺമെന്റ് ഏജൻസിയായ സോഷ്യോഎക്കണോമിക് യൂണിറ്റ് മുഖേന നടപ്പാക്കിയ മഴവെള്ള സംഭരണി വിതരണ പ്രോജക്ടിൽ ഗുണഭോക്താക്കളായ പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് 100 ശതമാനം സബ്സിഡി അനുവദിച്ചതിന് സാധൂകരണം നൽകണമെന്ന ആവശ്യം ഭരണവകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റി (ക്രൂസ്)**

ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ തെരുവുവിളക്കിന് ആവശ്യമായ എൽ.ഇ.ഡി. ലാമ്പുകൾ കെൽട്രോണിൽ നിന്നു വാങ്ങേണ്ടതാണ് എന്ന സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥ (ഖണ്ഡിക 7.9) ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു. 05.06.2013-ലെ സ.ഉ.(സാധാ)1469/2013/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ തെരുവുവിളക്കുകളും മറ്റ് ഇലക്ട്രിക് സാധനങ്ങളും അനുബന്ധ ഉപകരണങ്ങളും ക്രൂസ് മുഖേന മാത്രമേ വാങ്ങാവൂ എന്ന ഉത്തരവ് നിലവിലുണ്ട്. ഇതിനുപുറമെ ക്രൂസിന്റെ അപേക്ഷ പ്രകാരം വയനാട്, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെയും ഗ്രാമപഞ്ചായത്തുകൾ ടി സാധനസാമഗ്രികൾ ക്രൂസിൽ നിന്നും വാങ്ങേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ആലങ്ങാട് ഗ്രാമപഞ്ചായത്ത് - ഗ്യാസ് ക്രിമിറ്റോറിയം നവീകരണം സംബന്ധിച്ച്**

ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ സംസ്ഥാന ശുചിത്വ മിഷനോട് നിർദ്ദേശിക്കാൻ തീരുമാനിച്ചു. നിലവിൽ 2013-14വരെ അക്രഡിറ്റേഷൻ ഉണ്ടായിരുന്ന ഏജൻസികളെ ഉപയോഗിച്ച് നിലവിലുള്ള ക്രിമിറ്റോറിയത്തിന്റെ നവീകരണം നടത്തുന്നതിന് ആലങ്ങാട് ഗ്രാമപഞ്ചായത്തിനെ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***(യോഗം രാവിലെ 9.30ന് അവസാനിച്ചു)***

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 28.05.2014ന് രാവിലെ 8 am ന് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ കൂടുന്നതാണ്.***